"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി 54/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ജയശ്രീ സമർപ്പിച്ച അപേക്ഷ - പൊന്നുംവില നിയമം 1894 സെക്ഷൻ 28(എ) പ്രകാരമുള്ള അവാർഡ് തുക 4217-800-60-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1182/2025/LSGD തീയതി, തിരുവനന്തപുരം, 14-05-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 58/2009 നമ്പർ കേസിന്മേലുള്ള 09/10/2018-ലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/02/2025-ലെ കെ16-191090/19 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/03/2025-ലെ എസ്1/909/2021/ടിഡിഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി 54/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സൂചന (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി ശ്രീമതി സി. ജയശ്രീ പൊന്നുംവില നിയമം 1894 സെക്ഷൻ 28എ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ സൂചന (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 11,00,558/- രൂപ (പതിനൊന്ന് ലക്ഷത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) എൽ.എ.സി 54/07 പ്രകാരം ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി പൊന്നുംവില നിയമപ്രകാരം ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ സർവ്വേ നം. 1662 (L.A.Sy.No.1662/6)-ൽ ഉൾപ്പെട്ട 0.15 ആർ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കുന്നതിന് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീമതി സി. ജയശ്രീക്ക് സാധിക്കാതിരുന്നതിനാൽ 1894-ലെ പൊന്നുംവില നിയമം സെക്ഷൻ 30 പ്രകാരം ടി കേസിലെ യഥാർത്ഥ ഉടമസ്ഥരെ

നിശ്ചിയിക്കുന്നതിനായി തിരുവനന്തപുരം സബ് കോടതിയുടെ തീർപ്പിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നതായും അതുവരെ പൊന്നുംവില നിയമം സെക്ഷൻ 31 (2) പ്രകാരം അവാർഡ് തുക കോടതിൽ കെട്ടിവയ്ക്കുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി 54/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി സി. ജയശ്രീ പൊന്നുംവില നിയമം 1894 സെക്ഷൻ 28എ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 11,00,558/- രൂപ (പതിനൊന്ന് ലക്ഷത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം), ടി കേസിലെ യഥാർത്ഥ ഉടമസ്ഥരെ നിശ്ചിയിക്കുന്നതിനായി 1894-ലെ പൊന്നുംവില നിയമം സെക്ഷൻ 30 പ്രകാരം തിരുവനന്തപുരം സബ് കോടതിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെ അവർഡ് തുക ബഹു. സബ് കോടതിയിൽ കെട്ടിവയ്ക്കണമെന്ന നിബന്ധനയോടെ, '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നിസ്സാം എസ് എ**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി സി. ജയശ്രീ, റ്റി.സി.36/1723(5), സുഭാഷ് നഗർ, വള്ളക്കടവ് പി.ഒ., തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/117/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 14-05-2025 15:31:53
സെക്ഷൻ ഓഫീസർ